# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി8/657/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 29/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
2) അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
3) ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ പി.കെ.ഡി-പി8/657/23 തീയ്യതി: 29/04/2023

## പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-02-2022 മുതൽ 15-04-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അരവിന്ദാക്ഷൻ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 17-04-2023 | 25-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 17-04-2023 | 25-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത.യു ഓഡിറ്റ് ഓഫീസർ
ശ്രീമതി സരിത.പി സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഷീജ വി.ആർ സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബേബി.കെ ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ടി.കെ ദേവദാസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ എൻ.സുരേന്ദ്രൻ | സെക്രട്ടറി | 01-04-2021 | 09-05-2021 |
| ശ്രീ ശശികുമാർ.കെ | സെക്രട്ടറി | 10-05-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ പ്രദീപ്കുമാർ.കെ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ സുന്ദരൻ.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു.കെ | കൃഷി അസി. ഡയറക്ടർ | 01-04-2021 | 30-05-2021 |
| ശ്രീമതി ഷീന എസ്.എൽ | കൃഷി അസി.ഡയറക്ടർ | 31-05-2021 | 18-12-2021 |
| ശ്രീമതി പ്രിയ വള്ളാട്ട് | കൃഷി അസി.ഡയറക്ടർ | 19-12-2021 | 06-01-2022 |
| ശ്രീമതി ലാലിമ ജോർജ്ജ് | കൃഷി അസി.ഡയറക്ടർ | 07-01-2022 | 31-03-2022 |
| ശ്രീമതി ലാജു വി.എസ് | ചൈൽഡ് ഡവലപ്പ്മെന്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രിയ പി.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. മൈനാവതി.കെ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീ ബാലകൃഷ്ണൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 02-10-2021 |
| ശ്രീമതി സബാന.എ | വ്യവസായ വികസന ഓഫീസർ | 03-10-2021 | 12-10-2021 |
| ശ്രീമതി ദീപ.പി | വ്യവസായ വികസന ഓഫീസർ | 13-10-2021 | 31-03-2022 |

-

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്ക് പരിശോധനയുടെ വിവരങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്യാഷ് പരിശോധന | 1-6 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 10 | രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-9 |
| 11 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-10 |
| 12 | വിവിധ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളായി ഉയർത്തൽ - നടത്തിപ്പിലെ അപാകങ്ങൾ | 1-11 |
| 13 | സാമൂഹ്യ ആരോഗ്യകേന്ദ്രം - കുട്ടികളുടെ വാർഡിന് ആവശ്യമായ കട്ടിൽകിടക്ക അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്കിലെടുത്തിട്ടില്ല- 349617/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-12 |
| 14 | 2021-2022 സാമ്പത്തികവർഷത്തിൽ വ്യവസായ വികസന ഓഫീസർ പദ്ധതികൾ നിർവ്വഹിക്കാത്തത് - സംബന്ധിച്ച് | 1-13 |
| 15 | ഡയാലിസിസ് വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി-ജില്ലാപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല | 1-14 |
| 16 | ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-15 |
| 17 | സോളാർ ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി ARTCO മുഖാന്തരം നടപ്പിലാക്കി | 1-16 |
| 18 | കോട്ടായി ഗ്രാമപഞ്ചായത്തിലെ 3എസ്. സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പിലാക്കി | 1-17 |
| 19 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചു | 1-18 |
| 20 | ക്രമീകരണങ്ങൾ പൂർത്തിയാവാത്ത RRF കെട്ടിടത്തിലേക്ക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ- പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ല-556500 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു | 1-19 |

| | | |
|---|---|---|
| 21 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 22 | വിഹിതം നൽകിയ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്നത് ഉറപ്പാക്കണം | 1-21 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം | 1-22 |
| 24 | സ്പിൽ ഓവർ അടക്കമുള്ള പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-23 |
| 25 | ആസ്തികൾ സമയബന്ധിതമായി അതാത് ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറേണ്ടതാണ് | 1-24 |
| 26 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-25 |
| 27 | മഴത്തുള്ളി - മഴവെള്ള സംഭരണം - മലിനജലസംസ്കരണ പദ്ധതി - തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്ന് ബാരൽ വില കുറച്ചിട്ടില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യപത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

പഞ്ചായത്ത് ഭരണ സമിതിയുടെ 4-02-21 തീയതിയിലെ യോഗ തീരുമാനം നം.4(1) പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 0 |
| തൻവർഷം വരവ് | 189922000 |
| ചെലവ് | 188368000 |
| നീക്കിയിരിപ്പ് | 1554000 |

ബജറ്റിൽ മുന്നിരിപ്പ് പ്രത്യേകം കാണിച്ചിട്ടില്ല. പരിഷ്കരിച്ച ബജറ്റ് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31-7-2022 | 13-05-2022 |

## 1-2-1 വാർഷിക കണക്ക് പരിശോധനയുടെ വിവരങ്ങൾ

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.അഡ്വാൻസ് തൻവർഷ വരവ്- രജിസ്റ്റർ, വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എന്നാൽ നീക്കിയിരുപ്പിൽ വ്യത്യാസമില്ല.

രജിസ്റ്റർ പ്രകാരം- 1277355

14.9.2021 തൊഴിലുറപ്പ് പദ്ധതിയുടെ (കോവിഡ് -19 ഡഫേർഡ് സാലറി) 90170 രൂപയുടെ വരവ് ചേർത്തിട്ടില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം -1229905

2.ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് തുക യിലെ മുൻ വർഷത്തെ നീക്കിയിരുപ്പ് വരവ് ,ചെലവ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2020-2021 വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ( B -7)പ്രകാരം

| കോഡ് | കോൺട്രാക്ടേഴ്സ് റീടെൻഷൻ |
|---|---|
| 340100301 | 938757 |

2021-2022 വാർഷിക ധനകാര്യ പത്രിക പ്രകാരം

| വരവ്(RP-34) | ചെലവ്(RP-34) | നീക്കിയിരുപ്പ്(B-7) |
|---|---|---|
| 219237 | 146936 | 1015978 |

3. CFC-രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരുപ്പ് - 3633080

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം - 3659186 (Tied, Untied പ്രത്യേകമായി നീക്കിയിരുപ്പ് ഉൾപ്പെടുത്തിയിട്ടില്ല.)

വ്യത്യാസം - 26106

4. സംയുക്ത പ്രൊജക്ടുകളുടെ (PMAY) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

5. എല്ലാ ചെലവുകൾക്കും Payment Order തയ്യാറാക്കിയിട്ടില്ല. ഉദാ- പാലിയേറ്റീവ് അക്കൗണ്ടിൽ നിന്നുള്ള ചെലവുകൾ.

6.ബാലൻസ് ഷീറ്റിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31746058 |
| വരവ് | 94024850 |
| ആകെ | 125770908 |
| ചെലവ് | 116539988 |
| നീക്കിയിരിപ്പ് | 9230920 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 21561000 | 21561000 | 21561000 | 0 |
| വികസനഫണ്ട് - എസ്.സി.പി | 0 | 33422000 | 33422000 | 33422000 | 0 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 8016329 | 8016329 | 5881312 | 2135017 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-ബാങ്ക് | 0 | 6022000 | 6022000 | 2637264 | *3384736 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 6598050 | 6598050 | 4110250 | 2487800 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺടൈഡ്- ഗ്രാന്റ്- ബാങ്ക് | 0 | 4015000 | 4015000 | 3766656 | *248344 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ ടൈഡ് ഗ്രാന്റ്- ട്രഷറി | 0 | 7911501 | 7911501 | 6707063 | 1204439 |
| IAY Plan | 23149286 | 669698 | 23818984 | 20779206 | 3039778 |
| KGB Palliative Care | 168298 | 261207 | 429505 | 307507 | 121998 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| സമ്പൂർണ്ണ | 1402691 | 40776 | 1443467 | 33509 | 1409958 |

| | | | | | |
|---|---|---|---|---|---|
| ശുചിത്വം | | | | | |
| സ്വച്ഛ് ഭാരത് മിഷൻ | 0 | 995758 | 995758 | 995758 | 0 |

*CFC-രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരുപ്പ് - 3633080

വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം - 3659186 (Tied, Untied നീക്കിയിരുപ്പ്പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല.)

വ്യത്യാസം - 26106

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 122 | 141050164 | 93 | 77192081 | - | 29 | 76 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 76% ത്തിനാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 55% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം, വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി അസി. ഡയറക്ടർ | 2 | 2 | 10060000 | 10060000 | 100 |
| സീനി.വെറ്ററിനറി സർജ്ജൻ | 5 | 5 | 2971810 | 2580000 | 87 |
| മെഡിക്കൽ ഓഫീസർ-CHC | 13 | 13 | 8842923 | 8498507 | 96 |
| പട്ടികജാതി വികസന ഓഫീസർ | 4 | 4 | 14678000 | 13328000 | 91 |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ | 7 | 5 | 3765000 | 2730400 | 73 |
| അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ | 64 | 40 | 42303948 | 21360814 | 50 |
| സെക്രട്ടറി | 27 | 24 | 58428483 | 18634360 | 32 |
| ആകെ | 122 | 93 | 141050164 | 77192081 | 55 |

നിർവ്വഹണോദ്യോഗസ്ഥനായ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.04.23 ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. വരവ് ഇല്ലെന്ന്

ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

സാംഖ്യ രസീത് നമ്പർ B 08462991 രസീത് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വരവിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. മാന്വൽ രസീത് പുസ്തകങ്ങൾ – ഉപയോഗിക്കാത്ത ലീഫുകൾ കാൻസൽ ചെയ്തിട്ടില്ല. രസീതുകൾ സ്റ്റോക്കിൽ നിന്നും നേരിട്ട് ഉപയോഗിക്കുന്നു. ഇഷ്യൂ ചെയ്ത് ഭാഗിച്ച് കൊടുക്കുന്നില്ല.

സംയുക്ത പ്രൊജക്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. തൻവർഷത്തെ പർച്ചേസുകളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. സ.ഉ(ആർ.ടി)നം. 166/17/ത.സ്വ.ഭ.വ തീയതി 20.01.17 പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ആസ്തികളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.
പൂർത്തീകരിച്ച ആസ്തികൾ ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.
എല്ലാ ചെലവുകൾക്കും Payment Order തയ്യാറാക്കിയിട്ടില്ല. ഉദാ- പാലിയേറ്റീവ് അക്കൗണ്ടിൽ നിന്നുള്ള ചെലവുകൾ.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2014-15 മുതൽ 2018-19 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. 14-11-22 തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 2021 - 22 സാമ്പത്തിക വർഷത്തെ കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകളൊന്നും പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-9 രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1.സാംഖ്യ രസീത് നമ്പർ B 08462991 രസീത് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ വരവിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

2.മാന്വൽ രസീത് പുസ്തകങ്ങൾ – സ്ഥാപനത്തിൽ നിലവിൽ 214, 215 എന്നീ രണ്ട് രസീത് പുസ്തകങ്ങൾ ഉപയോഗത്തിലുണ്ട്. എന്നാൽ 215 -ാം നമ്പർ രസീത് 17.3.2017 മുതൽ 21.3.2017 വരെ ആകെ 16 ലീഫുകളാണ് ഉപയോഗിച്ചതായികാണുന്നത്. എന്നാൽ തുടർന്നുള്ള രസീതുകൾ നാളിതുവരെയായിട്ടും കാൻസൽ ചെയ്തിട്ടില്ല. ഉപയോഗിക്കാത്തവ കാൻസൽ ചെയ്യേണ്ടതാണ്.

3.രസീതുകൾ സ്റ്റോക്കിൽ നിന്നും നേരിട്ട് ഉപയോഗിക്കുന്നു. ഇഷ്യൂ ചെയ്ത് ഭാഗിച്ച് കൊടുക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ്/മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം രേഖാമൂലം ആവശ്യമായ എല്ലാ രേഖകളും രജിസ്റ്ററുകളും അക്കൗണ്ടുകളും സെക്രട്ടറി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനങ്ങളിൽ എത്താവുന്നതുമാണ്. ചട്ടം 12(4) പ്രകാരം രേഖകളോ കണക്കുകളോ

നൽകാതിരുന്നാൽ ഓഫീസ് ഉത്തരവുകളുടേയും പഞ്ചായത്ത് തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയത് മൂലമുള്ള നഷ്ടങ്ങൾക്കും ചെലവിനും ദുർവിനിയോഗങ്ങൾക്കുമുള്ള ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിക്കും മേൽനോട്ട പിശകിനും ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതുമാണ്. ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക്(18/25.4.2023)മറുപടി ലഭ്യമായിട്ടില്ല.

മേൽ വിഷയം അന്വേഷണവിധേയമാക്കി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുള്ളത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 43/2022 & 44/2022(ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ-ജനറൽ & എസ്.സി) |
| നിർവഹണ ഉദ്യോഗസ്ഥൻ | ശിശു വികസന ഓഫീസർ |
| അടങ്കൽ(ജനറൽ)&(എസ്.സി) | ₹ 500000/- (വികസന ഫണ്ട്- ₹500000/-)<br>₹ 500000/- (വികസന ഫണ്ട് എസ്.സി.പി- ₹ 500000/- ) |
| ചെലവ് | ₹ 500000/- (വികസന ഫണ്ട്- ₹500000/-)<br>₹200400/- (വികസന ഫണ്ട് എസ്.സി.പി- ₹200400/- ) |
| ചെലവ് വിവരം | 1/21-22 –₹ 71200.00 പെരുങ്ങോട്ടുകുറിശ്ശി<br>2/21-22 –₹ 100500.00 പെരുങ്ങോട്ടുകുറിശ്ശി<br>3/21-22 –₹ 138600.00 കുത്തനൂർ<br>4/21-22 –₹ 49200.00 മാത്തൂർ<br>5/21-22 –₹ 76300.00 കുഴൽമന്ദം<br>6/ 21-22 –₹ 29400.00 മാത്തൂർ<br>7/ 21-22 – ₹ 75000.00 കണ്ണാടി<br>8/ 21-22 – ₹ 64200.00 കണ്ണാടി<br>9/21-22 - ₹ 96000.00 കുഴൽമന്ദം |

ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ബ്ലോക്ക് പരിധിയിലെ അഞ്ച് ഗ്രാമപഞ്ചായത്തുകൾക്ക് തുക കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകകൾ പ്രോജക്ടിനായി വിനിയോഗിച്ചതിന്റെ വിശദാംശം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 5/19.04.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-11 വിവിധ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളായി ഉയർത്തൽ - നടത്തിപ്പിലെ അപാകങ്ങൾ

സാമ്പത്തികവർഷം സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി വിവിധ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളായി (ഫർണീച്ചറുകളും കളിപ്പാട്ടങ്ങളും തുടങ്ങിയവ വാങ്ങൽ) ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശം താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | സി.ഡി.പി.ഒ |
| പ്രൊജക്ട് നം. | S 0045/22 |
| പ്രൊജക്ട് | എസ്.സി അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളായി ഉയർത്തൽ |
| അടങ്കൽ | ₹ 700000/- (വികസന ഫണ്ട് -എസ്.സി.പി) |
| ചെലവ് | ₹ 700000/- |
| ബിൽ നം/തീയതി | 01/2021-22 തീയതി : 19.03.2022 |

വിവിധ ഫർണീച്ചറുകൾ, കളിപ്പാട്ടങ്ങൾ എന്നിവ വിതരണം ചെയ്ത വകയിൽ ഇൻവോയ്സ് നം. 375/ 14.03.2022 പ്രകാരം 700000/- രൂപ ARTCO യ്ക്ക് നൽകിയിട്ടുണ്ട്.

സാധനസാമഗ്രികൾ വാങ്ങിയ വകയിൽ 18% ജി.എസ്.ടി, 1% Cess എന്നിവ ഉൾപ്പെടെയാണ് 700000/- രൂപ ARTCO യ്ക്ക് നൽകിയിട്ടുള്ളത്. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

2% ജി.എസ്.ടി കുറവു ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയതിന് വിശദീകരണം നൽകിയിട്ടില്ല.

2) 10.08.2021 ലെ 6(5) ാം നമ്പർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം ആകെ 5 അങ്കണവാടികൾ സ്മാർട്ട് ആക്കാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ബ്ലോക്ക് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിൽ കോട്ടായി,കണ്ണാടി ഗ്രാമപഞ്ചായത്തുകൾ ഒഴികെയുള്ള 5 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഈ പദ്ധതിയ്ക്കായി ഗുണഭോക്തൃ പട്ടികകൾ ലഭിച്ചിട്ടുണ്ട് . കോട്ടായി,കണ്ണാടി ഗ്രാമപഞ്ചായത്തുകൾ സ്മാർട്ട് അങ്കണവാടി പദ്ധതി 2021-22 വർഷത്തിൽ നടപ്പിലാക്കുന്നതിനാൽ ഗുണഭോക്തൃപട്ടിക നൽകിയിട്ടില്ല.
ഫയൽ പരിശോധിച്ചതിൽ ഈ പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ച പെരുങ്ങോട്ടുകുറുശ്ശി, കുത്തനൂർ, മാത്തൂർ, തേങ്കുറുശ്ശി, കുഴൽമന്ദം എന്നീ 5 ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിയാണ് നിർവ്വഹണോദ്യോഗസ്ഥ ഗുണഭോക്തൃപട്ടിക തയ്യാറാക്കിയിരിക്കുന്നത്. ആയതിൽ പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പ്രകാരമുള്ള 3 അങ്കണവാടികൾ (കണക്കത്തറ, കാവതിയാംപറമ്പ്, ചെട്ടിയംകാട്) തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ പ്രസ്തുത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത കോട്ടായി ഗ്രാമപഞ്ചായത്തിന്റെ കോട്ടായി പനങ്ങാടം നമ്പർ 51 അങ്കണവാടിക്ക് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകുകയുണ്ടായി. കോട്ടായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ കൂടാതെയാണ് പ്രസ്തുത അങ്കണവാടി ഈ പ്രൊജക്ടിൽ ഉൾപ്പെട്ടത്. എന്നാൽ അപേക്ഷ സമർപ്പിച്ച പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളെ ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ കൂടാതെ അങ്കണവാടികളിൽ പ്രവൃത്തികൾ അനുവദനീയമല്ല എന്ന മാർഗ്ഗരേഖ നിർദ്ദേശത്തിൽ നിന്നും വിരുദ്ധമായാണ് പ്രസ്തുത പദ്ധതിയ്ക്കായി അപേക്ഷ നൽകിയ പഞ്ചായത്തിനെ ഒഴിവാക്കി കോട്ടായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടി തെരഞ്ഞെടുത്തിരിക്കുന്നത്.

3) ഈ പദ്ധതി പ്രകാരം ഫർണീച്ചറുകൾ, കളിപ്പാട്ടങ്ങൾ എന്നിവ നിർവ്വഹണോദ്യോഗസ്ഥ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളായ അങ്കണവാടികൾ അവർക്ക് ലഭിച്ച ഫർണീച്ചറുകൾ, കളിപ്പാട്ടങ്ങൾ എന്നിവയുടെ കൈപ്പറ്റുരേഖ ലഭ്യമാക്കിയിട്ടില്ല. ഫയലിൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് (സ്ത്രീകളുടെയും കുട്ടികളുടെയും വികസനം) ലഭ്യമല്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 2/19.04.2023) മറുപടി ലഭ്യമാക്കിയില്ല.
ഓഡിറ്റ് നിർദ്ദേശം

1.പഞ്ചായത്തുകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയിൽ നിന്ന് മുൻഗണനാ മാനദണ്ഡം അനുസരിച്ച് മാത്രം അങ്കണവാടികളെ തെരഞ്ഞെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2.ബന്ധപ്പെട്ട രേഖകൾ കൃത്യമായി ഫയലുകളിൽ സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്താക്കളായ അങ്കണവാടികൾ അവർക്ക് ലഭിച്ച ഫർണീച്ചറുകൾ, കളിപ്പാട്ടങ്ങൾ എന്നിവ സ്റ്റോക്കിലെടുക്കേണ്ടതും , സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റുരേഖ എന്നിവ ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-12 സാമൂഹ്യ ആരോഗ്യകേന്ദ്രം - കുട്ടികളുടെ വാർഡിന് ആവശ്യമായ കട്ടിൽകിടക്ക അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -സ്റ്റോക്കിലെടുത്തിട്ടില്ല-349617/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സാമൂഹ്യ ആരോഗ്യകേന്ദ്രത്തിലെ കുട്ടികളുടെ വാർഡിന് ആവശ്യമായ കട്ടിൽ കിടക്ക അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 58/2022 (കുട്ടികളുടെ വാർഡിന് ആവശ്യമായ കട്ടിൽ കിടക്ക അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |
| അടങ്കൽ | ₹ 350000/- (മെയ്ന്റനൻസ് ഫണ്ട് റോഡിതരം- ₹350000/- ) |
| ചെലവ് | ₹ 349617/- |
| ബിൽ നമ്പർ /തീയതി /തുക | 23/10.12.2021 - ₹ 337622/-<br>60/26.03.2022 - ₹ 11995/- |

മേൽ സൂചിപ്പിച്ച പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ പർച്ചേസ് കമ്മിറ്റി തീരുമാനം, പദ്ധതിക്കായി തുക അനുവദിക്കുന്നതിനുള്ള നടപടിക്രമം എന്നിവ പ്രസ്തുത ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതുകൂടാതെ കട്ടിൽ കിടക്ക അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്കായി ലഭിച്ചില്ല. ടി വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 6/20.04.2023) മറുപടി ലഭ്യമാക്കിയില്ല.

മേൽപ്പറഞ്ഞ ബില്ലുകളിലായി വാങ്ങിയ കട്ടിൽ കിടക്ക, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച തുക 349617/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 2021-2022 സാമ്പത്തികവർഷത്തിൽ വ്യവസായ വികസന ഓഫീസർ പദ്ധതികൾ നിർവ്വഹിക്കാത്തത് - സംബന്ധിച്ച്

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷത്തിൽ പദ്ധതികൾ ഒന്നും ഉൾക്കൊള്ളിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പ്രാധിനിത്യം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.വ്യവസായ വികസന ഓഫീസർക്ക് പദ്ധതികൾ ഒന്നും വയ്ക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 14/26.04.2023) മറുപടി ലഭ്യമാക്കിയില്ല.

## 1-14 ഡയാലിസിസ് വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതി- ജില്ലാപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗവിവരം ലഭ്യമല്ല

പ്രോജക്ട് നം 9/22

(ഡയാലിസിസ് വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങൽ- ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ)

അടങ്കൽ- 200000 (പൊതുവിഭാഗം -വികസനഫണ്ട്)

ചെലവ് -200000 ( 48/23.02.22)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന ഡയാലിസിസ് വൃക്ക രോഗികൾക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2ലക്ഷം രൂപ ജില്ലാ പഞ്ചായത്തിന് മേൽപ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് ഈ തുക പ്രസ്തുത ആവശ്യത്തിനായി വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 7 / 20-04-23 ന് മറുപടി നൽകിയിട്ടില്ല.

ജില്ലാ പഞ്ചായത്ത് തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-15 ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം 125/22

കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ 4,6 വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ

അടങ്കൽ-303260 (52761-വികസനഫണ്ട്, 250499- തനത് ഫണ്ട് വിഹിതം)

ചെലവ് - 303260 (250499-2021221405B000297223/22.02.22, 52761-ബിൽ നം 49/26.02.22)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ 4,6 വാർഡുകളിലെ ഇലക്ട്രിസിറ്റി ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുഴൽമന്ദം അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 3,03,260 രൂപ കെ.എസ്.ഇ.ബിക്ക് മുൻകൂർ ആയി ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുണ്ട്.

എന്നാൽ കെ. എസ്. ഇ.ബി യുമായി കരാറിൽ ഏർപ്പെടാതെയാണ് തുക മുൻകൂർ നൽകിയിട്ടുള്ളത്. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-1-2011 ഖ. 11.2.3(ഡി).iii പ്രകാരം തദ്ദേശ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് നിർദ്ദേശമുള്ളതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തി നടപ്പിലാക്കുന്ന പരിസരത്തുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിന് സ്ഥലം ഉടമ തടസ്സം പറയുന്നതായും തടസ്സം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും 04.08.22 ൽ സെക്രട്ടറി എ.ഡി.എം പാലക്കാട് ന് നൽകിയ കത്തിൽ പറയുന്നു. എന്നാൽ തുടർനടപടികൾ ഉണ്ടായതിന്റെ വിവരങ്ങൾ ഇല്ല. പ്രവൃത്തി പൂർത്തീകരിച്ചതിന്റെയും തുക വിനിയോഗിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു നൽകിയ എൻക്വയറി നം 8/20.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പ്രവൃത്തി ഏതെങ്കിലും കാരണത്താൽ നടപ്പിലാക്കിയിട്ടില്ലെങ്കിൽ നൽകിയ തുക കെ.എസ്.ഇ.ബി യിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക മുൻകൂർ നൽകുന്ന അവസരത്തിൽ നിർവ്വഹണ ഏജൻസിയുമായി കരാർ ഒപ്പു വച്ചതിനുശേഷം തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സോളാർ ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി ARTCO മുഖാന്തരം നടപ്പിലാക്കി

പ്രോജക്ട് നം -85/22

(മുട്ടപ്പുള്ളി എസ്. സി കോളനിയിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ)

അടങ്കൽ- 300000 (വികസനഫണ്ട് - എസ്. സി. പി)

ചെലവ് - 295000 ( ബിൽ നം 27/28.12.2021)

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ മുട്ടപ്പുള്ളി എസ്. സി കോളനിയിൽ സോളാർ ലൈറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. ആയതു പ്രകാരം ഇൻബിൽറ്റ് സോളാർ പാനൽ, ബാറ്ററി എന്നിവയോടു കൂടിയ 1 സെറ്റ് All In One Solar Street Light (50Wx4 Nos., Automatic), ARTCO LTD മുഖേന സ്ഥാപിച്ചിട്ടുണ്ട്. 16881/11.11.2021 നമ്പറിലുള്ള ധാരണാപത്രത്തിൽ ആർട്കോ മാനേജിംഗ് ഡയറക്ടറും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഒപ്പു വച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കി ARTCO 295000 രൂപയുടെ ബിൽ സമർപ്പിക്കുകയും ARTCO യ്ക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 05.10.2021 ലെ 5(1) നം തീരുമാനം പ്രകാരം പ്രവൃത്തി അക്രഡിറ്റഡ് ഏജൻസി ആയ ARTCO യെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. എന്നാൽ സോളാർ വിളക്ക് സ്ഥാപിക്കൽ പോലെയുള്ള ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ARTCO മുഖാന്തരം നേരിട്ട് നടപ്പിലാൻ പാടുള്ളതല്ല. കൂടാതെ ജി.ഒ(സാധാ)നം.1/2021/എസ്.പി.ഡി തിയതി.05/01/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ ആർട്ട്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമെ നിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ് എന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2. ARTCO ഹാജരാക്കിയ ബിൽ നം 375/24.12.21 പ്രകാരം ജി.എസ്.ടി ഉൾപ്പെടെ 295000 രൂപയാണ് പ്രവൃത്തി നടപ്പിലാക്കുന്നതിന് ഡിമാന്റ് ചെയ്തിട്ടുള്ളത്. ബിൽ പ്രകാരമുള്ള മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

CGST Act,2017 ലെ വകുപ്പ് 51(1) ൽ വിതരണത്തിന്റെ ആകെ മൂല്യം 2.5ലക്ഷം രൂപയിൽ കൂടുതലായുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളിൽ നിന്നും CGST, SGST ഇനങ്ങളിൽ ആകെ 2% സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടതാണെന്ന നിർദ്ദേശം പാലിക്കാതെയാണ് മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുള്ളത്.

എഗ്രിമെന്റ് പ്രകാരം 24 മാസം വാറണ്ടി അനുവദിച്ചിട്ടുണ്ട്. വാറണ്ടി കാലയളവിൽ ഉണ്ടാകാൻ സാധ്യതയുള്ള റിപ്പയർ വർക്കുകൾ സ്ഥാപനം മുഖേന ചെയ്യുന്നതിന് ഒരു റിപ്പയർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും റിപ്പയർ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സോളാർ ലൈറ്റ് നിലവിൽ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയിട്ടുണ്ടോ എന്നതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ ഓഡിറ്റ് അന്വേഷണം നം 9/ 24.04.23 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടു വന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വ്യക്തമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-17 കോട്ടായി ഗ്രാമപഞ്ചായത്തിലെ 3എസ്. സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ-ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പിലാക്കി

കോട്ടായി ഗ്രാമപഞ്ചായത്തിലെ 3എസ്. സി കോളനികളിൽ ARTCO മുഖേന മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾക്കായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 3 പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ | ARTCO യുടെ കാഷ് | ചെലവ്-ട്രഷറി ബിൽ നം/തീയതി |
|---|---|---|---|---|

| | | | ബിൽനം/ തീയതി | |
|---|---|---|---|---|
| 1 | 12/22 മോക്കോണം കോളനി മിനിമാസ്റ്റ് ലൈറ്റ് | 200000 | 296 /22.11.21 | 24/26.1121 |
| 2 | 11/22, ചമ്പ്രക്കുളം കോളനി മിനിമാസ്റ്റ് ലൈറ്റ് | 200000 | 297/22.11.21 | 23/22-11-21 |
| 3 | 13/22, പരുക്കഞ്ചേരി കോളനി മിനിമാസ്റ്റ് ലൈറ്റ് | 200000 | 298/22.11.21 | 25/26-11-21 |

8 Meter Octagonal Pole Minimast Using LED Flood Light 200Wx4 Nos LightingSystem ആണ് 3 കോളനികളിലും സ്ഥാപിച്ചിട്ടുള്ളത്.

പദ്ധതികളുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.

1) ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്ര വൃത്തികൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ ഒന്നാം പട്ടിക ക്രമ നം 15 പ്രകാരം തെരുവുവിളക്കുകൾ കത്തിക്കുകയും അവ പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയാണ്. ഇത്തരം പ്രവൃത്തികൾ സംയുക്ത പദ്ധതികളായി നടപ്പിലാക്കാവുന്നതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് നേരിട്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2) ആർട്കോയിൽ നിന്നുള്ള വാങ്ങൽ

ജി.ഒ(സാധാ)നം.1/2021/എസ്.പി.ഡി തിയതി.05/01/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ ആർട്ട്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമെ നിന്ന് വാങ്ങിയിട്ട000000000ല്ലാത്തതുമാണ് എന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഇത്തരത്തിലുള്ള രേഖകൾ ഇല്ല.

3) ഒറ്റ പ്രോജക്ടായി നടപ്പിലാക്കുന്നതിനു പകരം 3 പ്രോജക്ടുകളാക്കി പ്രവൃത്തി ചെയ്തു

കോട്ടായി ഗ്രാമപഞ്ചായത്തിലെ 3 കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്. സമാന രീതിയിലുള്ള പ്രോജക്ടുകൾക്കായി ഒറ്റ പ്രോജക്ട് രൂപീകരിക്കുന്നതിനു പകരം മൂന്ന് പദ്ധതികളായി നടപ്പിലാക്കിയിട്ടുണ്ട്.

മിനിമാസ്റ്റ് ലൈറ്റുകൾ കോട്ടായി ഗ്രാമപഞ്ചായത്തിന് കൈമാറി നൽകിയിട്ടുള്ളതാണോ, റിപ്പയർ പ്രവൃത്തികൾ സംബന്ധിക്കുന്ന പരാതിരജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ, നിലവിൽ സ്ഥാപിച്ച ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ നൽകുന്നതിനും മേൽ അപാകങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി ഓഡിറ്റ് അന്വേഷണം നം 10/20.04.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

1-18 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചു

പ്രോജക്ട് നം 8/22

(രജിസ്റ്റേർഡ് വായനശാലകൾക്ക് പുസ്തകം, ഫർണീച്ചർ വാങ്ങൽ )

അടങ്കൽ-300000 (വികസനഫണ്ട്-പൊതുവിഭാഗം)

ചെലവ് -300000

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി ബ്ലോക്ക് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ രജിസ്റ്റേർഡ് വായനശാലകൾക്ക് പുസ്തകങ്ങളും, ഫർണീച്ചറും വാങ്ങി നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് നം 72/17 ത.സ്വ.ഭ.വ തീയതി 29.03.2017 പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള എല്ലാ ഗ്രന്ഥശാലകളുടെയും വികസനപ്രവർത്തനങ്ങൾക്ക് ശേഷം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകൾക്ക് ഭൗതിക സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പ്രോജക്ടുകൾ മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. എന്നാൽ അലമാര, കസേര എന്നിവയും പുസ്തകങ്ങളും മേൽ പ്രോജക്ട് പ്രകാരം ഗ്രന്ഥശാലകൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുക | ബിൽ നം/ തീയതി | തുക നൽകിയത് | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|
| 21792 | 55/11.0322 | New Kala Stores, പാലക്കാട് | 32 കസേരകൾ |
| 157968 | 58/19.03.22 | Arun Industries , കണ്ണമ്പ്ര | 16 അലമാരകൾ |
| 120240 | 62/25.03.22 | മാതൃഭൂമി ബുക്സ് | വിവിധ പുസ്തകങ്ങൾ |

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടാത്ത ഇത്തരം പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം 16/26.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പദ്ധതികൾ മാത്രം ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-19 ക്രമീകരണങ്ങൾ പൂർത്തിയാവാത്ത RRF കെട്ടിടത്തിലേക്ക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ- പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ല-556500 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

പ്രോജക്ട് നം 86/22

RRF കെട്ടിടത്തിലേക്ക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ

അടങ്കൽ-600000 (കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ് -556000 ( ബിൽ നം PFMS ബിൽ പെയ്മെന്റ് നം C022213976729-07.02.2022)

ബ്ലോക്ക് പഞ്ചായത്തിലെ RRF കെട്ടിടത്തിലേക്ക് ബെയിലിങ്ങ് മെഷീൻ സ്ഥാപിക്കുന്നതാണ് പ്രവൃത്തി. 25 ടൺ കപ്പാസിറ്റി ഉള്ള ഓട്ടോമാറ്റിക് ബെയ്‌ലിംഗ് മെഷീന്റെ വില 5,56,500 രൂപയാണ്. പ്രൊഫോർമ ഇൻവോയ്സ് നം 21/24.01.2022 പ്രകാരം 556500 രൂപ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്.

100 % തുകയും കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് RRF കെട്ടിടത്തിൽ അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയതിന്റെയും (ഇലക്ട്രിഫിക്കേഷൻ, ഇതര സുരക്ഷാ ക്രമീകരണങ്ങൾ തുടങ്ങിയവ) മെഷീൻ നിലവിൽ പ്രവർത്തിപ്പിക്കുന്ന രീതി, മെഷീനിന്റെ വാറന്റി എന്നിവ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം 11/22.04.23 ന് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ RRF കെട്ടിടത്തിൽ 3 -ഫേസ് കണക്ഷൻ നൽകാത്തതിനാൽ ബെയ്‌ലിംഗ് മെഷീൻ ക്ലീൻ കേരള മിഷനിൽ നിന്നും ലഭ്യമാക്കിയിട്ടില്ല എന്നു വാക്കാൽ അറിയിച്ചു. RRF കെട്ടിടം പൂർണ്ണമായും സജ്ജമാക്കാതെ ബെയ്‌ലിംഗ് മെഷീൻ വാങ്ങുന്നതിന് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

കെട്ടിടം പൂർണ്ണമായും സജ്ജമാക്കി ബെയ്‌ലിംഗ് മെഷീൻ സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതും വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയാക്കി

അറിയിക്കുന്നതു വരെ 556500 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-20 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 1. 121/22<br>എസ് .സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം<br>2.18/22<br>വിപുലം -പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം |
| അടങ്കൽ | 1. 2400000<br>വികസനഫണ്ട് -എസ്. സി.പി<br>2.5600000<br>വികസനഫണ്ട് -എസ്. സി.പി |
| ചെലവ് | 1.1325000<br>(വികസനഫണ്ട് -എസ്. സി.പി)<br>2. 53250000<br>(വികസനഫണ്ട് -എസ്. സി.പി) |

പഠനമുറി നിർമ്മാണത്തിനായി 200000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതികൾ ലക്ഷ്യമിട്ടുന്നത്.

1. നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം | ആകെ ക്രെഡിറ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|
| അതുല്യ.കെ<br>തോട്ടത്തുകാട് ,<br>കണ്ണാടി ഗ്രാമപഞ്ചായത്ത് | 4294001705021465-<br>പി.എൻ.ബി കിണാശ്ശേരി | 175000 | 25000 |
| അക്ഷയ.കെ<br>മുതുക്കാട്<br>കണ്ണാടി ഗ്രാമപഞ്ചായത്ത് | 4294001505034513<br>പി.എൻ.ബി കിണാശ്ശേരി | 175000 | 25000 |
| ആര്യ. എസ്<br>മാത്തൂർ<br>ഗ്രാമപഞ്ചായത്ത് | 67283715906<br>എസ്.ബി.ഐ | 175000 | 25000 |

ഈ ഗുണഭോക്താക്കളോട് നിരവധി തവണ കത്ത് മുഖേനയും നേരിട്ടും ആവശ്യപ്പെട്ടിട്ടും പഠനമുറി നിർമ്മാണം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന് പട്ടികജാതി വികസനഓഫീസർ അറിയിച്ചു.
മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം 2/20.04.23 -മറുപടി ലഭ്യമാക്കി)

1-21 വിഹിതം നൽകിയ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്നത് ഉറപ്പാക്കണം

വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പി.എം.എ.വൈ വിഹിതം-ജനറൽ, പി.എം.എ.വൈ വിഹിതം-

എസ്.സി.പി പദ്ധതികൾക്കായി ലഭ്യമായ തുകയിൽ ഏതാനും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായ വിഹിതങ്ങളിൽ താഴെ പറയും പ്രകാരമുള്ള തുകകൾ തുക ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തുകൾക്കല്ലാതെ മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തുക ലഭ്യമാക്കിയ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവനനിർമ്മാണത്തിന്റെ ഘട്ടങ്ങൾ പൂർത്തിയാക്കാത്തതിനാലാണ് ഫണ്ട് നഷ്ടമാവാതിരിക്കാനാണ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

| തുക | വിഹിതം നൽകിയ ഗ്രാമപഞ്ചായത്ത് | പദ്ധതി |
|---|---|---|
| 70000 | കുത്തനൂർ | പി.എം.എ.വൈ വിഹിതം-ജനറൽ |
| 290000 | കണ്ണാടി | പി.എം.എ.വൈ വിഹിതം-എസ്.സി.പി |
| 100000 | മാത്തൂർ | പി.എം.എ.വൈ വിഹിതം-എസ്.സി.പി |
| 460000 | | |

മേൽ തുകകൾ ഏത് ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കാണോ നൽകിയത് ആ പഞ്ചായത്തുകളിൽ നിന്നും തുടർ വർഷങ്ങളിൽ ഈ വിഹിതം ലഭ്യമാക്കി തുക യഥാർത്ഥത്തിൽ നൽകേണ്ട പഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കായി വിനിയോഗിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വിഹിതം നൽകിയ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാകുന്നത് ഉറപ്പാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 17/26.04.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-22 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 64 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 40 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 12 എണ്ണം സ്പിൽ ഓവർ പ്രവൃത്തികളും 28 എണ്ണം പുതിയവയുമാണ്. ₹42303948 വകയിരുത്തിയതിൽ ₹21360814 ആണ് ചെലവഴിച്ചിട്ടുള്ളത്. 50% ആണ് തൻവർഷത്തെ ആകെ ചെലവ്.

ആസ്തികളുടെ അപ്ഡേഷന്റെ ഭാഗമായി സർക്കാർ തലത്തിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് നിലവിൽ R-track Mobile Application വഴി ബ്ലോക്ക് പഞ്ചായത്തിലെ മുഴുവൻ ആസ്തികളും മാപ്പ് ചെയ്യുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു.

റോഡിതര മെയ്ന്റനൻസ് ഫണ്ട് -വിനിയോഗം

റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

റോഡിതര മെയ്ന്റനൻസ് ഫണ്ടിനത്തിൽ 3646762രൂപ വകയിരുത്തി 5പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിൽ 2പ്രൊജക്ടുകൾക്കായി 1753637 രൂപ (വകയിരുത്തിയ തുകയുടെ 48%) ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

തൻ വർഷം കുടിവെള്ള പ്രവൃത്തികൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. പൂർത്തീകരിക്കാത്ത3 കുടിവെള്ളപദ്ധതികൾക്ക് സ്പിൽ ഓവറായി തുക വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹിച്ചിട്ടില്ല. പൂർത്തീകരിച്ച കുടിവെള്ളപദ്ധതികൾ ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ

അംഗീകരിച്ച പ്രൊജക്കുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യകത അനുസരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിനുശേഷം ആസ്തി സംരക്ഷണ പ്രൊജക്കുകൾ ആവിഷ്കരിക്കേണ്ടതാണ്.

2. റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി വകയിരുത്തുന്ന തുക ലാപ്സാവാതെ സമയബന്ധിതമായി ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3.പൂർത്തീകരിച്ച ആസ്തികൾ ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 സ്പിൽ ഓവർ അടക്കമുള്ള പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

സ്പിൽ ഓവർ അടക്കമുള്ള താഴെപ്പറയുന്ന പദ്ധതികൾക്ക് 2021-22 സാമ്പത്തിക വർഷം തുക വകയിരുത്തിയെങ്കിലും ചെലവ് നിർവ്വഹിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾക്ക് നാളിതുവരെ വകയിരുത്തിയ തുക, ഫണ്ട് ഇനം, ചെലവഴിച്ച തുക , (വർഷം തിരിച്ച്) പൂർത്തീകരണ ഘട്ടം (നിലവിലെ സ്ഥിതി) എന്നീ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -6/20.04.23) മറുപടി ലഭ്യമാക്കിയിട്ടില്ല. സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പ്രസ്തുത പദ്ധതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം | പ്രൊജക്ട് | അടങ്കൽ |
|---|---|---|---|
| 1 | S093 | കിളയക്കാട് കുടിവെള്ളപദ്ധതി- തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് | 290135 – വികസന ഫണ്ട്- എസ്.സി.പി |
| 2 | S0100 | പുളിമ്പ്രാണി കുടിവെള്ളപദ്ധതി പൂർത്തീകരണം- തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത്- | 200000 – വികസന ഫണ്ട്- എസ്.സി.പി |
| 3 | Soi01 | വെമ്പല്ലൂർ കൊളക്കംപാടം കുടിവെള്ളപദ്ധതി പൂർത്തീകരണം- തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് | 250000 – സി.എഫ്.സി |
| 4 | 40 | കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് – വനിതാ വ്യവസായ പാർക്ക് ഇലക്ട്രിഫിക്കേഷനും നവീകരണവും | 300000- മെയിന്റനൻസ് റോഡിതരം |
| 5 | 134 | കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഫാർമസി ലാബ് കെട്ടിടം - ശീതീകരണവും അനുബന്ധ പ്രവർത്തനങ്ങളും | 500000 -മെയ്ന്റനൻസ് റോഡിതരം |
| 6 | 135 | കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിർമ്മൽ പുരസ്കാർ ഫണ്ടുപയോഗിച്ച് ശുചിത്വ സമുച്ചയം നിർമ്മിക്കൽ | 1400000 – മറ്റുള്ളവ |
| 7 | 137 | ആർ.ആർ.എഫ് കെട്ടിടം വൈദ്യുതീകരണം | 298270<br>98270 – കേന്ദ്രാവിഷ്കൃതം<br>200000 – തനത് ഫണ്ട് |

കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിർമ്മൽ പുരസ്കാർ ഫണ്ടുപയോഗിച്ച് ശുചിത്വ സമുച്ചയം നിർമ്മിക്കൽ എന്ന പദ്ധതിക്ക് തൻവർഷമാണ് തുക വകയിരുത്തിയിട്ടുള്ളത്. TSC ചെക്ക് ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന് നിർമ്മൽ ഫണ്ട് പുരസ്കാർ ഇനത്തിൽ 1900000/-രൂപ 30.03.2010 ൽ വരവ് വെച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2021-22 വാർഷിക കണക്ക് പ്രകാരം TSC

അക്കൗണ്ടിലെ ബാലൻസ് 1409958/-രൂപയാണ്. നിർമ്മൽ ഫണ്ട് പുരസ്കാർ ഇനത്തിൽ ലഭ്യമായ തുക 12 വർഷം പിന്നിട്ടിട്ടും ഫലപ്രദമായി വിനിയോഗിക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

ക്രമ നമ്പർ 4, 7 പ്രകാരമുള്ള വൈദ്യുതീകരണ പ്രവൃത്തികൾ സ്പിൽ ഓവറായി നടപ്പാക്കി വരുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇതര പദ്ധതികളുടെ നിലവിലെ സ്ഥിതി വിലയിരുത്തി ആയത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ്പിൽ ഓവർ പ്രവൃത്തികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ആസ്തികൾ സമയബന്ധിതമായി അതാത് ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, 4-ാം പട്ടിക പ്രകാരം നിഷ്കർഷിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ കുടിവെള്ളപദ്ധതികൾ ഉൾപ്പെടുന്നില്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയായ സ.ഉ.(കൈ) നം.11/2018/തസ്വഭവ,തിയതി 29.01.2018 ലെ ഖണ്ഡിക 7.1(ബി)(8) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. മാത്രമല്ല മാർഗ്ഗരേഖയിലെ ഖണ്ഡിക 7(ബി) (6) പ്രകാരം കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണ് എന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

താഴെപ്പറയുന്ന കുടിവെള്ളപദ്ധതികൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ നടപടി വിവരങ്ങൾ/രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം-6/20.04.23)

| ക്രമ നം. | പ്രൊജക്ട് നം | പ്രൊജക്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 26 | ഇളിന്തരക്കോട് കുടിവെള്ളപദ്ധതി - കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 500000 – എസ്.സി.പി | 418617 |
| 2 | 24 | വാർഡ് 12 പുതിയപാലം കുടിവെള്ളപദ്ധതി - കുത്തനൂർ ഗ്രാമപഞ്ചായത്ത് | 435766 – എസ്.സി.പി | 420206 |
| 3 | 25 | കോണിക്കുന്ന് മലഞ്ചിറ്റി കുടിവെള്ളപദ്ധതി - കുത്തനൂർ ഗ്രാമപഞ്ചായത്ത് | 435355 – എസ്.സി.പി | 431329 |
| 4 | 123 | കാളിയംകുന്നം മിച്ചഭൂമി കോളനി കുടിവെള്ളപദ്ധതി - കണ്ണാടി ഗ്രാമപഞ്ചായത്ത് | 488031 – എസ്.സി.പി | 465715 |
| 5 | 94 | ഞായറാഴ്ചക്കാവ് കുടിവെള്ളപദ്ധതി - കണ്ണാടി ഗ്രാമപഞ്ചായത്ത് | 293778- എസ്.സി.പി | 157229 |
| 6 | 74 | ലക്ഷംവീട് കുടിവെള്ളപദ്ധതി -കുത്തനൂർ ഗ്രാമപഞ്ചായത്ത് | 459172- സി.എഫ്.സി | 459172 |
| 7 | S092 | വീശ്വലം കുടിവെള്ളപദ്ധതി -മാത്തൂർ ഗ്രാമപഞ്ചായത്ത് | 33294- സി.എഫ്.സി | 33294 |
| 8 | 68 | തെക്കേക്കര കുടിവെള്ളപദ്ധതി -കോട്ടായി ഗ്രാമപഞ്ചായത്ത് | 362061 -സി.എഫ്.സി | 323763 |
| 9 | 69 | മണലൂർ മിനികുടിവെള്ളപദ്ധതി - കണ്ണാടി ഗ്രാമപഞ്ചായത്ത് | 428332 -സി.എഫ്.സി | 382300 |

| | | | | |
|---|---|---|---|---|
| 10 | 103 | കൊല്ലംപറമ്പ് കുടിവെള്ളപദ്ധതി 2011-12- കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 142057- തനത് ഫണ്ട് | 142057 |
| 11 | 21 | ഈന്തക്കാട് കുടിവെള്ളപദ്ധതി - കണ്ണാടി ഗ്രാമപഞ്ചായത്ത് | 429050- എസ്.സി.പി | 320406 |

പദ്ധതി പൂർത്തീകരണത്തിനു ശേഷം ആസ്തികൾ സമയബന്ധിതമായി അതാത് ഗ്രാമപഞ്ചായത്തുകളിലേക്ക് കൈമാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല.

ഇൻവോയ്സുകൾ പ്രകാരം ഒരു ബാരലിലെ ബിറ്റുമിന്റെ അളവ് അനുസരിച്ചാണ് ബാരലിന്റെ എണ്ണം കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg), ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം X വില (GST ഒഴികെ) |
|---|---|---|---|---|
| 1 | So 27/22 – പരപ്പന കിഴക്ക് റോഡ് റീടാറിംഗ്, മെറ്റലിങ്ങ് – കണ്ണാടി ഗ്രാമപഞ്ചായത്ത് അടങ്കൽ – 500000 (വികസന ഫണ്ട്-എസ്.സി.പി) കരാറുകാരൻ – ശ്രീ. പി. സുരേഷ് കുമാർ എഗ്രിമെന്റ് നം.:20/21-22 /16-11-2021 അളവു പുസ്തകം – 15/20-21 | ബിൽ നം. 19/10-02-2022 ചെലവ്: – 500000 | SS1 – 93.16/181.8 = 1 RS1 -200.10/200 = 2 VG30 – 1549.972/161.8 = 10 | 13X 238 = 3094/- |
| 2 | 112/22 –മണ്ണോട്ടുമട കോളനി റോഡ് റീ ടാറിംഗ്, കോൺക്രീറ്റിങ്ങ് അടങ്കൽ - 482218 (വികസന ഫണ്ട്-എസ്.സി.പി) കരാറുകാരൻ – | ബിൽ നം. 35/15-03-2022 ചെലവ്: – 464993/- | RS1 – 154.255/182 = 1 VG30 – 1554.44/156 = 10 | 11X 238 = 2618/- |

| | | | | |
|---|---|---|---|---|
| | ശ്രീ. വി.മണിദാസ്<br>എഗ്രിമെന്റ് നം - 27/21-22 /9-12-2021<br>അളവു പുസ്തകം - 30/20- 21 | | | |
| 3 | So110/22 –പള്ളത്ത്പുര – മുട്ടപുള്ളിത്തറ കോളനി റോഡ് റീ ടാറിംഗ് & ഐറിഷ് ഡ്രെയിൻ - പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്ത്<br>അടങ്കൽ - 500000 (വികസന ഫണ്ട്- എസ്.സി.പി)<br>കരാറുകാരൻ - ശ്രീ. കെ.വി രമേഷ്<br>എഗ്രിമെന്റ് നം - 33/21-22 /30-12-2021<br>അളവു പുസ്തകം - 38/20- 21 | ബിൽ നം. 47/23-03-2022<br>ചെലവ്: - 500000/- | SS1 – 49.5/182 = 1<br>RS1 – 212.85/200 = 2<br>VG30 – 1801.59/156 = 12 | 15X 238 = 3570/- |
| | | | ആകെ | 9282 + 18%GST (1671/-) = 10953/- |

ബാരലിന്റെ വിലയായ ₹9282, CGST, SGST ഇനങ്ങളിൽ ആകെ ₹1671 കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ബാരലുകളുടെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതുമാണ്.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/24.04.23 ) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടില്ല.

1-26 മഴത്തുള്ളി - മഴവെള്ള സംഭരണം - മലിനജലസംസ്കരണ പദ്ധതി - തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്

നിർവ്വഹണം - അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രൊജക്ട് നം-99/22 - മഴത്തുള്ളി - മഴവെള്ള സംഭരണം - മലിനജലസംസ്കരണ പദ്ധതി

അടങ്കൽ - 3650000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 1421171/- (42/18.03.22)

എഗ്രിമെന്റ് നമ്പർ - 22/20-21/3.05.2021

എം.ബി - 32/20-21

കരാറുകാരൻ -ശ്രീ രാധാകൃഷ്ണൻ.കെ

ഒരു പ്രദേശത്തെ മുഴവൻ വീടുകളിലേയും മഴവെള്ളം സംഭരിച്ച് ഓരോ വീടുകളിലേയും

സ്ഥലലഭ്യതക്കനുസരിച്ച് സംസ്കരിച്ച് അധികം വരുന്ന മഴവെള്ളത്തെ പ്രകൃതിദത്ത ജലസംഭരണികളിലോ, ടാങ്കുകളിലോ സംഭരിക്കുന്ന സാങ്കേതിക രീതിയാണ് പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 7 ഗ്രാമപഞ്ചായത്തുകളിൽ പൈലറ്റ് പ്രൊജക്ടായി ഓരോ പദ്ധതി വീതം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി രണ്ട് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 125 വീടുകളുടെ സ്റ്റാറ്റസ് സർവ്വെ നടത്തുകയും ഓരോ ഗുണഭോക്താവിന്റെയും ലിസ്റ്റ് അനുസരിച്ച് MGNREGS മായി ലിങ്ക് ചെയ്ത് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടമായാണ് മേൽ പ്രവൃത്തി നടപ്പിലാക്കുന്നത്. രണ്ടാം ഘട്ടത്തിലെ ആദ്യ പ്രവൃത്തി എന്ന നിലയിൽ തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിലെ വിളയഞ്ചാത്തനൂർ വാർഡിലെ 125 വീടുകൾ റീചാർജ്ജ് ചെയ്യുന്നു. അധിക ജലം 5 1/2 ഏക്കർ വിസ്തൃതിയുള്ള പെരുംകുളത്തിലും ഒരേക്കർ വിസ്തൃതിയുള്ള വള്ളൂർകുളത്തിലും ശേഖരിക്കുന്നു. ഇങ്ങനെ ശേഖരിക്കുന്ന ജലം ജലസേചനം, കുടിവെള്ളപദ്ധതികൾ എന്നിവക്ക് ഉപയോഗിക്കുന്നു.

എസ്റ്റിമേറ്റ് അനുസരിച്ച് 125 വീടുകളിൽ നിന്ന് പുറത്തേക്കൊഴുകുന്ന മഴവെള്ളം ആദ്യം 75 Mm PVC പൈപ്പ് വഴി ശേഖരിക്കുകയും അവിടെ നിന്ന് 110mm PVC പൈപ്പുകൾ വഴി മെയിൻ പൈപ്പ് ലൈനിലേക്ക് കണക്റ്റ് ചെയ്യുകയും തുടർന്ന് 200mm PVC പൈപ്പുകൾ വഴി കുളത്തിനോട് ചേർന്ന് ഒരു കളക്ഷൻ ചേംബർ നിർമ്മിച്ച് അതിൽ നിന്നും കുളത്തിലേക്ക് ശേഖരിക്കുകയുമാണ് ചെയ്യുന്നത്.

മേൽ പ്രവൃത്തിയിൽ ഇറിഗേഷൻ കാഡ കനാലിന്റെ അരികിലായി 90m പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 22.03.22 ൽ ബ്ലോക്ക് പഞ്ചായത്ത് ചിറ്റൂർ ഇറിഗേഷൻ സെക്ഷന്റെ NOC ക്കായി അപേക്ഷ സമർപ്പിച്ചതിന് 31/12/22 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, ശിരുവാണി പ്രൊജക്ട് സർക്കിൾ, പാലക്കാട് അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധിച്ചതിൽ പി.വി.സി പൈപ്പുകൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് 1421171/-രൂപ ചെലവഴിച്ചിട്ടുള്ളത്. (പേജ് നം -2 Check Measured On 24.02.22)

മേൽ പദ്ധതിയുടെ നിർവ്വഹണ പുരോഗതി ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 13/25.04.23) പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുകയാണെങ്കിൽ വളരെ പ്രയോജനപ്രദമായ മേൽ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും, മോണിട്ടറിങ്ങ് ചുമതലയുള്ള വർക്കിങ്ങ് ഗ്രൂപ്പ് -പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം) നിർവ്വഹണ പുരോഗതി കൃത്യമായി മോണിട്ടർ ചെയ്യേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്ന് ബാരൽ വില കുറച്ചിട്ടില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല.

ഇൻവോയ്സുകൾ പ്രകാരം ഒരു ബാരലിലെ ബിറ്റുമിന്റെ അളവ് അനുസരിച്ചാണ് ബാരലിന്റെ എണ്ണം കണക്കാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി അളവു പുസ്തകം | ബിൽ നം., തിയതി<br>തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg), ബാരലിന്റെ എണ്ണം | ബാരലിന്റെ എണ്ണം X വില (GST ഒഴികെ) |
|---|---|---|---|---|
| 1 | So 27/22 – പരപ്പന കിഴക്ക് റോഡ് റീടാറിംഗ്, മെറ്റലിങ്ങ് - കണ്ണാടി ഗ്രാമപഞ്ചായത്ത്<br>അടങ്കൽ - 500000 (വികസന ഫണ്ട്- എസ്.സി.പി)<br>കരാറുകാരൻ - ശ്രീ. പി. സുരേഷ് കുമാർ<br>എഗ്രിമെന്റ് നം.:20/21-22 /16-11-2021<br>അളവു പുസ്തകം - 15/20-21 | ബിൽ നം. 19/10-02-2022<br>ചെലവ്: - 500000 | SS1 – 93.16/181.8 = 1<br>RS1 –200.10/200 = 2<br>VG30 – 1549.972/161.8 = 10 | 13X 238 = 3094/- |
| 2 | 112/22 –മണ്ണോട്ടുമട കോളനി റോഡ് റീ ടാറിംഗ്, കോൺക്രീറ്റിങ്ങ്<br>അടങ്കൽ - 482218 (വികസന ഫണ്ട്- എസ്.സി.പി)<br>കരാറുകാരൻ - ശ്രീ. വി.മണിദാസ്<br>എഗ്രിമെന്റ് നം - 27/21-22 /9-12-2021<br>അളവു പുസ്തകം - 30/20- 21 | ബിൽ നം. 35/15-03-2022<br>ചെലവ്: - 464993/- | RS1 – 154.255/182 = 1<br>VG30 – 1554.44/156 = 10 | 11X 238 = 2618/- |
| 3 | So110/22 –പള്ളത്ത്പുര – മുട്ടപ്പുള്ളിത്തറ കോളനി റോഡ് റീ ടാറിംഗ് & ഐറിഷ് ഡ്രൈയിൻ - പെരുങ്ങോട്ടുകുറുശ്ശി ഗ്രാമപഞ്ചായത്ത്<br>അടങ്കൽ - 500000 (വികസന ഫണ്ട്- എസ്.സി.പി) | ബിൽ നം. 47/23-03-2022<br>ചെലവ്: - 500000/- | SS1 – 49.5/182 = 1<br>RS1 – 212.85/200 = 2<br>VG30 – 1801.59/156 = 12 | 15X 238 = 3570/- |

| | | | | |
|---|---|---|---|---|
| | കരാറുകാരൻ - ശ്രീ. കെ.വി രമേഷ്<br>എഗ്രിമെന്റ് നം - 33/21-22 /30-12-2021<br>അളവു പുസ്തകം - 38/20- 21 | | | |
| | | | ആകെ | 9282 + 18%GST (1671/-) = 10953/- |

ബാരലിന്റെ വിലയായ ₹9282 കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/24.04.23 ) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 17.03.2023 മുതൽ 25.03.2023വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടായി ഗ്രാമ പഞ്ചായത്ത് | 2021-22 | 700000 | പി.എം. എ.വൈ വിഹിതം- ജനറൽ | 700000 | 0 |
| കുഴൽമന്ദം ഗ്രാമ പഞ്ചായത്ത് | 2021-22 | 420000 | പി.എം. എ.വൈ വിഹിതം- ജനറൽ | 420000 | 0 |
| കുത്തനൂർ ഗ്രാമ പഞ്ചായത്ത് | 2021-22 | 1120000 | പി.എം. എ.വൈ വിഹിതം- ജനറൽ | 1120000 | 0 |
| മാത്തൂർ ഗ്രാമ പഞ്ചായത്ത് | 2021-22 | 350000 | പി.എം. എ.വൈ വിഹിതം- ജനറൽ | 350000 | 0 |
| തേങ്കുറിശ്ശി ഗ്രാമ | 2021-22 | 350000 | പി.എം. എ.വൈ | 350000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വിഹിതം-ജനറൽ | | |
| പെരിങ്ങോട്ടു കുറിശ്ശി ഗ്രാമ പഞ്ചായത്ത് | 2021-22 | 350000 | പി.എം. എ.വൈ വിഹിതം-ജനറൽ | 350000 | 0 |
| കണ്ണാടി ഗ്രാമപഞ്ചായത്ത് | 2021-22 | 210000 | പി.എം. എ.വൈ വിഹിതം-ജനറൽ | 210000 | 0 |
| കണ്ണാടി ഗ്രാമപഞ്ചായത്ത് | 2021-22 | 290000 | പി.എം. എ.വൈ വിഹിതം-എസ്.സി.പി | 290000 | 0 |
| മാത്തൂർ ഗ്രാമപഞ്ചായത്ത് | 2021-22 | 280000 | പി.എം. എ.വൈ വിഹിതം-എസ്.സി.പി | 280000 | 0 |
| തേങ്കുറിശ്ശി ഗ്രാമപഞ്ചായത്ത് | 2021-22 | 450000 | പി.എം. എ.വൈ വിഹിതം-എസ്.സി.പി | 450000 | 0 |
| കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | 2021-22 | 360000 | പി.എം. എ.വൈ വിഹിതം-എസ്.സി.പി | 360000 | 0 |
| ആകെ | | 4880000 | | 4880000 | |

ആകെ 4880000 രൂപ വരവ് ഉണ്ട് . എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 4180000 രൂപയുടെ വരവ് മാത്രമാണ് കാണിച്ചിട്ടുള്ളത്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെല വഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, കുഴൽമന്ദം | കുഴൽമന്ദം ഗ്രാമപഞ്ചായത്തിലെ 4,6 വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ | 1. 250499-202122140 5B000297223/ 22.02.22<br>2. 52761-ബിൽ നം 49/26.02.22 | 303260 | തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | വിഷയാധിഷ്ഠിത അവലോകനം-പ്രത്യേക ഖണ്ഡിക | 2014-15 | 4.1.5 | 11,62,916/- രൂപയ്ക്ക് SGSY വിപണന കേന്ദ്രം നിർമ്മിച്ചെങ്കിലും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. | വിഷയം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2011-12 | വിഷയാധിഷ്ഠിത അവ ലോകനം-പ്രത്യേക ഖണ്ഡിക | 2014-15 | 4.1.13 | കോട്ടായി ഗ്രാമ പഞ്ചായത്തിന് 455970/- രൂപയ്ക്ക് വാങ്ങി നൽകിയ ട്രാൻസ് പ്ലാന്റർ ഉപയോഗ ശൂന്യം | |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 31746058 |
| ഓഡിറ്റ് വർഷത്തെ വരവ് | 94024850 |
| ആകെ | 125770908 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 116539988 |
| നീക്കിയിരിപ്പ് | 9230920 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9282/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 906117/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-1 | | 9282 | ശ്രീ പ്രദീപ് കുമാർ.കെ , അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-12 | 349617 | ഡോ. കെ. മൈനാവതി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുഴൽമന്ദം |
| 1-19 | 556500 | ശ്രീ ശശികുമാർ.കെ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടം |
|---|---|
| 1-25 | 1671 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-1-9

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗ പ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീശശികുമാർ.കെ സെക്രട്ടറി | സെക്രട്ടറി, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | പുല്ലറോഡ്, എത്തന്നൂർ, പാലക്കാട്-678502 |
| ശ്രീ പ്രദീപ്കുമാർ.കെ. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | കാളിയംപറമ്പിൽ, അമ്പലപ്പാറ, ചെർപ്പുളശ്ശേരി പാലക്കാട് - 679503 |
| ഡോ. കെ. മൈനാവതി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുഴൽമന്ദം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | സരോവരം, ഹൗസ് നമ്പർ 9/67, മുരുകണി, സി.എൻ പുരം, പാലക്കാട്-678005 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | 14.11.2022 ന് നടത്തിയ ഓഡിറ്റ് അദാലത്തിൽ തീർപ്പാക്കിയത് | 4 |
| 2003-04 | | 3 |
| 2004-05 | | 8 |
| 2005-06 | | 2 |
| 2006-07 | | 3 |
| 2007-08 | | 3 |
| 2008-09 | | 7 |

| | | |
|---|---|---|
| 2009-10, 2010-11 | | 21 |
| 2011-12 | | 12 |
| 2012-13, 2013-14, 2014-15 | | 9 |
| 2015-16 | | 7 |
| 2016-17 | | 7 |
| 2017-18 | | 4 |
| 2018-19 | | 11 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി 25/600 /2022/18.05.22 | 31 |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി25/601 /2022/29.06.22 | 42 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## വാർഷിക ധനകാര്യപത്രികകൾ

| Kuzhalmannam Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 26000.00 |
| 150000000 | Sale & Hire Charges | I-5(b) | 614495.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 70895184.00 |
| 171000000 | Interest Earned | I-8 | 347313.00 |
| 180000000 | Other Income | I-9 | 13717.00 |
| | Total Income | | 71896709.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2079670.00 |
| 220000000 | Administrative Expenses | I-11(b) | 1158894.00 |
| 230000000 | Operations & Maintenance | I-12(b) | 3323502.00 |
| 240000000 | Interest & Finance Charges | I-13 | 35.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12610000.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 54335590.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2781236.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 534433.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 0.0 |
| 255000000 | Maintenance Projects | I-14(e) | 4390982.00 |
| 272000000 | Depreciation | I-17(a) | 8272848.00 |
| | Total Expenditure | | 89487190.00 |
| | Gross Surplus/ Deficit of income over Expenditure | | -17590481.00 |
| 280000000 | Prior Period Item | I-18 | -30809346.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 13218865.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Kuzhalmannam Block Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 31746058.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental income from Panchayat Properties | RP-3 | 26000.00 |
| 150000000 | Sale & Hire Charges | RP-5 | 614495.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 70895184.00 |
| 171000000 | Interest Earned | RP-9 | 347313.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15854919.00 |
| 350000000 | Other Liabilities | RP-36 | 20538.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 13717.00 |
| 340000000 | Deposits Received | RP-34 | 229237.00 |
| 350000000 | Other Liabilities | RP-36 | 48000.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4545507.00 |
| 460000000 | Loans, Advances and Deposits | RP-47 | 1429940.00 |
| | Grand total | | 125770908.00 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2079670.00 |
| 220000000 | Administrative Expenses | RP-12 | 1158894.00 |
| 230000000 | Operations & Maintenance | RP-13 | 3323502.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 12610000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 54045136.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2781236.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 534433.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 0.0 |
| 255000000 | Maintenance Projects | RP-20 | 4390982.00 |
| 280000000 | Prior Period item | RP-26 | 384359.00 |

| Kuzhalmannam Block Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 37149783.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 80099954.00 |
| | Total Reserve & Surplus | | 117249737.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8222722.00 |
| | Total Grants, Contributions for Specific Purposes | | 8222722.00 |
| | Loans | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1051978.00 |
| 350000000 | Other Liabilities | B-9 | 0.0 |
| | Total Current Liabilities and Provisions | | 1051978.00 |
| | TOTAL LIABILITIES | | 126524437.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 128935033.00 |
| 411000000 | Accumulated Depreciation | B-11 | -32525128.00 |
| 412000000 | Capital Work in Progress | B-11(a) | 7269850.00 |
| | Total Fixed Assets | | 103679755.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 12176078.00 |
| 450000000 | Cash and Bank Balance | B-17 | 9230920.00 |
| 460000000 | Loans, Advances and Deposits | B-18 | 1437684.00 |
| | Total Current Assets, Loans and Advances | | 22844682.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 126524437.00 |

Senior Deputy Director